# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.430

## 28/02/2017 ൽ മറുപടി നൽകേണ്ടത്

വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും പദ്ധതി വിഹിതം.

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**

ഡോ. തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിഹിത വിനിയോഗം സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ; | സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിഹിത വിനിയോഗം സംബന്ധിച്ച 31/03/2017 വരെയുള്ള കണക്കുകൾ (താൽക്കാലികം) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സാമ്പത്തിക വർഷാവസാനമായിട്ടും പല വകുപ്പുകളും പദ്ധതി വിഹിതം പകുതി പോലും ചെലവഴിച്ചില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വെളിപ്പെടുത്തുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷാരംഭത്തിൽ നിയമസഭാ ഇലക്ഷൻ നടക്കുകയും പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് വിവിധ വകുപ്പുകൾക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്യുന്നതിനുണ്ടായ കാലതാമസം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നോട്ടു നിരോധനം മൂലം വിഭവ സമാഹരണത്തിൽ വൻ ഇടിവ് ഉണ്ടായതായി സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇക്കാരണങ്ങളാലാണ് സാമ്പത്തിക വർഷാവസാനമായിട്ടും പല വകുപ്പുകൾക്കും പദ്ധതി വിഹിതം മതിയായ രീതിയിൽ ചെലവഴിക്കാൻ കഴിയാതിരുന്നത്. |
| (സി) | പദ്ധതി വിഹിതം ചെലവഴിക്കാതെ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | പ്രാദേശിക സർക്കാരുകൾക്ക് ഡെവലൂഷൻ വഴി ഇക്കൊല്ലം വകയിരുത്തിയിട്ടുള്ള തുക മാർച്ച് 31 നകം ചെലവഴിച്ചിട്ടില്ലായെങ്കിൽ ബാക്കി തുക അടുത്ത സാമ്പത്തിക വർഷം വകയിരുത്തി നല്കുന്നതാണ്. |

# അനുബന്ധം

| ക്രമ.നം. | വകുപ്പ് | (തുക കോടിയിൽ) | | ശതമാനം |
|---|---|---|---|---|
| | | അനുവദിച്ച തുക | ചെലവാക്കിയ തുക | |
| 1 | കൃഷി | 916.21 | 871.37 | 95 |
| 2 | മൃഗ സംരക്ഷണം | 404.14 | 308.1 | 76 |
| 3 | സഹകരണം | 144.6 | 140.53 | 97 |
| 4 | സാംസ്കാരികം | 85.75 | 66.36 | 77 |
| 5 | പരിസ്ഥിതി | 30.42 | 19.99 | 66 |
| 6 | ധനകാര്യം | 167.19 | 160.69 | 96 |
| 7 | മത്സ്യബന്ധനം | 430.29 | 458.68 | 107 |
| 8 | ഭക്ഷ്യ, പൊതുവിതരണം | 28.67 | 14.46 | 50 |
| 9 | വനം | 281.5 | 243.23 | 86 |
| 10 | പൊതുഭരണം | 119.15 | 77.34 | 65 |
| 11 | പൊതു വിദ്യാഭ്യാസം | 1146.14 | 963.19 | 84 |
| 12 | ആരോഗ്യ കുടുംബക്ഷേമം | 1413.47 | 1269.79 | 90 |
| 13 | ആയുഷ് | 106.49 | 76.66 | 72 |
| 14 | ഉന്നതവിദ്യാഭ്യാസം | 1049.57 | 438.15 | 42 |
| 15 | ആഭ്യന്തരം | 173.65 | 98.01 | 56 |
| 16 | ഭവന | 54.32 | 36.22 | 67 |
| 17 | വ്യവസായം | 748.53 | 606.12 | 81 |
| 18 | വിവര പൊതുജന സമ്പർക്കം | 38 | 31.64 | 83 |
| 19 | വിവരസാങ്കേതികം | 479.38 | 333.11 | 69 |
| 20 | തൊഴിലും നൈപുണ്യവും | 538.99 | 468.27 | 87 |
| 21 | നിയമം | 1.3 | 1.21 | 93 |
| 22 | നിയമസഭ | 1.3 | 1.08 | 83 |
| 23 | തദ്ദേശ സ്വയം ഭരണം. | 4875.78 | 3688.42 | 76 |
| | പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം | 5500 | 3971.97 | 72 |
| 24 | നോർക്ക | 28 | 25.2 | 90 |
| 25 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര | 18.8 | 21.3 | 113 |
| 26 | ആസൂത്രണം | 323.99 | 194.77 | 60 |
| | Majoro Infra Development Project* | 1624.57 | 1624.57 | 100 |
| 27 | തുറമുഖം | 492.01 | 100.5 | 20 |
| 28 | ഊർജ്ജം | 1622.7 | 1405.69 | 87 |

| ക്രമ.നം. | വകുപ്പ് | (തുക കോടിയിൽ) | | ശതമാനം |
|---|---|---|---|---|
| | | അനുവദിച്ച തുക | ചെലവാക്കിയ തുക | |
| 29 | പൊതുമരാമത്ത് | 1354.04 | 2606.58 | 193 |
| 30 | റവന്യൂ | 87.29 | 44.89 | 51 |
| 31 | പട്ടികജാതിയും പിന്നോക്ക വിഭാഗ വികസനവും | 1926.42 | 1576.8 | 82 |
| 32 | പട്ടികവർഗ്ഗവും ന്യൂനപക്ഷവും | 654.46 | 551.68 | 84 |
| 33 | ശാസ്ത്ര സാങ്കേതികം | 100.04 | 75.72 | 76 |
| 34 | സമൂഹ്യ നീതി | 970.37 | 699.4 | 72 |
| 35 | കായികവും യുവജനകാര്യവും | 87.97 | 108.93 | 124 |
| 36 | നികുതി | 15.3 | 13.36 | 87 |
| 37 | വിനോദസഞ്ചാരം | 311.57 | 296.06 | 95 |
| 38 | ഗതാഗതം | 406.32 | 282.46 | 70 |
| 39 | ജലവിഭവം | 1811.48 | 1227.96 | 68 |
| | **ആകെ** | **30570.17** | **25200.46** | **82** |

* കിഫ്ബി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.

**അക്കൗണ്ട്സ് ഓഫീസർ.**